മായ എല്ലാ ഏർപ്പാടുകളും ചെയ്യണമെന്നും ആവശ്യപ്പെടുന്ന ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം വീണ്ടും ലഭിക്കുകയുണ്ടായി. ഇതിനെപ്പറ്റിയുള്ള ചർച്ച നടന്ന അവസരത്തിൽ ജർമ്മനിയിൽ ഒരു ടൺ മരച്ചീനി 254 രൂപയ്ക്കു ലഭിക്കുമ്പോൾ ഇവിടെ 327 രൂപ ലഭിച്ചുവെങ്കിൽ മാത്രമേ ഇതു ഒരു മാതിരി ആദായകരമായി വരികയുള്ളൂ ഈ വില വ്യത്യാസം കൊണ്ടുവരുന്ന ബുദ്ധിമുട്ടിനെ പരിഗണിച്ചു കയറ്റി അയയ്ക്കുന്നതിൽ ടണ്ണിനു അൻപതു അറുപതു രൂപയോളം ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും സബ്സിഡി തരണമെന്നു ആവശ്യപ്പെടുകയും അക്കാര്യത്തെ ആലോചിക്കാമെന്നു അവർ മറുപടി പറയുകയും ചെയ്തു. ഈ അടുത്ത ദിവസത്തിൽ 1000 ടൺ കപ്പയുള്ള ടെണ്ടേഴ്സ് ടേയ്ക്കിംഗ് കാർപ്പറേഷൻ ക്ഷണിക്കുകയുണ്ടായി. അതിനു വളരെ ചുരുങ്ങിയ സമയം മാത്രമേ അനുവദിച്ചിരുന്നുള്ളൂ. കപ്പ കൃഷിക്കാരുടെ പ്രതിനിധികളും കപ്പ കയറ്റുമതി ചെയ്യാൻ താൽപ്പര്യമുള്ളവരുമായ ആളുകളും ഉടനെ ഗവണ്മെൻറിനോടു ഇതു വളരെ ബുദ്ധിമുട്ടു ഉണ്ടാക്കുമെന്നും മുന്നുദിവസം അവധിവച്ചു ടെണ്ടേഴ്സ് വിളിച്ചുകൊണ്ടു വളരെ കുറഞ്ഞവിലക്കു കപ്പവാങ്ങി സൂക്ഷിച്ചിട്ടുള്ള വലിയ വ്യവസായികൾക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ എന്നും ഗവണ്മെൻറിനെ അറിയിച്ചു. അടിയന്തിരമായി വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചു. ഗവണ്മെൻറ് ഉടനെ ഇങ്ങനെ ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യണമെന്നും കാണിച്ചു് 'കമേർഷ്യൽ ആൻറ് ഇൻഡസ്ട്രീസ് മിനിസ്ട്രി' കമ്പി അടിച്ചിട്ടുണ്ടു്. ഈ ടെൻഡറിൽ വളരെ കുറച്ചു സമയമേ കൊടുത്തിരുന്നുള്ളൂ. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ചതുപോലെ വളരെ കുറഞ്ഞ വിലയ്ക്കു വാങ്ങി സൂക്ഷിച്ചിട്ടുള്ള വലിയ വ്യവസായികൾക്കു മാത്രമേ ഇതിന്റെ ലാഭം ലഭിക്കുകയുള്ളൂ. ഇവിടെ നട്ടുപോയ മരച്ചീനി തന്നെ എങ്ങിനെയെങ്കിലും പിഴുതുമാറ്റിയാൽ മതിയെന്ന മനോഭാവമുള്ളപ്പോൾ ഈ വലിയ വ്യവസായികൾക്കു വളരെ ചുരുങ്ങിയ വിലക്കു വാങ്ങി സൂക്ഷിക്കുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ഇതെല്ലാം പരിഗണിച്ചു ടാപ്പിയോക്കാ എക്സ്പാൻഷൻ ബോർഡിന്റെ ചുമതലയിൽ ഇരുപതു കപ്പപ്പൊടി വാങ്ങിച്ചു അയയ്ക്കുന്നതിനുള്ള ഏർപ്പാടു ചെയ്യണമെന്നു് കാണിച്ചും മേൽപറഞ്ഞ വിവരങ്ങളും കാണിച്ചും കമ്പിയടിച്ചിട്ടുണ്ടു്. അതിനു മറുപടിയായി ബോർഡിന്റെ നിർദ്ദേശം അനുസരിച്ചു കയറ്റുമതി ചെയ്യുന്നതിനു മൻഗണന നൽകുന്നതാണെന്നു് കാണിച്ചു ഇന്നു് മറുപടി ലഭിച്ചിട്ടുണ്ടു്. വളരെ വിശദമായി എന്തു ചെയ്യണമെന്നുള്ള കാര്യങ്ങളെപ്പറ്റിയുള്ള എഴുത്തു പ്രതീക്ഷിച്ചിരിക്കുകയാണു്. ഇവിടത്തെ അഗ്രിക്കൾച്ചറൽ സെക്രട്ടറി എസ്സു്. റാവു. സിയുടെ പ്രതിനിധിയെ നേരിട്ടു കാണുകയും ഈ ബുദ്ധിമുട്ടിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ടു്. ഇന്നു കിട്ടിയിട്ടുള്ള കമ്പിയുടെ അടിസ്ഥാനത്തിൽ ഇനിയും എന്തു ചെയ്യണമെന്നുള്ള വിശദമായ എഴുത്തു പ്രതീക്ഷിച്ചിരിക്കുകയാണു്.

II. Notices Served on the Malaria Surveillance Workers for the termination of their Services'

Mr. Speaker: I call upon the Minister for Public Health to make a reply on a Rule 61 notice given by Shri E. P. Gopalan, yesterday.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): സർ, നാഷണൽ മലേറിയാ ഇറാഡിക്കേഷൻ പദ്ധതിയനുസരിച്ചു സർവെയ്ലൻസ് വർക്കുകൾ നമ്മുടെ സംസ്ഥാനത്തു് ആദ്യമായി ആരംഭിച്ചതു് 1960—ലാണു്. അതനുസരിച്ചു് മൊത്തം പതിനാലര യൂണിറ്റാണു് നമ്മുടെ സംസ്ഥാനത്തു് പ്രവർത്തനം ആരംഭിച്ചതു്. മാർച്ചു് 31—ാം തീയതി അവസാനത്തോടുകൂടി ഈ വർക്കുകൾ നമ്മുടെ സംസ്ഥാനത്തു് പൂർത്തിയാകും. അതിന്റെ ഫലമായി ഇപ്പോഴുള്ള പതിനാലര യൂണിറ്റിൽ പതിമൂന്നര യൂണിറ്റു പിൻവലിക്കണം. ഏറ്റവും കൂടുതൽ ഫലപ്രദമായ രീതിയിൽ ആദ്യമായി മെയിൻറനൻസ് സ്റ്റേജിലേക്കു കടന്നതു് നമ്മുടെ സ്റ്റേറ്റാണു്. മൊത്തം സർവെയ്ലൻസ് വർക്കുകളിൽ ഏർപ്പെട്ടിരുന്നതു് 1962 ജോലിക്കാരാണു്. അവരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

ഓരോ വർഷവും ആയിട്ടാണ് തെരഞ്ഞെടുക്കപ്പെട്ടത്. 1963–ലാണ് ഏറ്റവും ഒടുവിലായി എടുത്തിട്ടുള്ളത്. 1963-ൽ 238 പേരെയാണ് തെരഞ്ഞെടുത്തത്. അതുകൊണ്ട് അവർക്ക് മൂന്നു നാലുകൊല്ലത്തെ സർവ്വീസുണ്ടെന്നോ പറയുന്നതു ശരിയല്ല. ഓരോ വർഷവും ഉണ്ടാകുന്ന ആവശ്യത്തിന്റെ തോതനുസരിച്ചാണ് നിയമിച്ചിട്ടുള്ളത്. ഇതിനകത്തെ ഒരു യൂണിറ്റ് റീട്ടെയിൽ ചെയ്യുന്നതിനുവേണ്ടി മൊത്തം ഏഴുപത്തിനാലു ജോലിക്കാർ മതിയാകും. അതിന്റെ ഫലമായി സർവെയ്ലൻസ് വർക്കിൽ ഏർപ്പെട്ടിരിക്കുന്ന 1618 പേരെ പിരിച്ചു വിടേണ്ടിവരുമെന്നുള്ളതിൽ സംശയമില്ല. അതനുസരിച്ച് അവരെ ഈ ജോലി പൂർത്തിയാകുന്നതുകൊണ്ട് പിരിച്ചു വിടുന്നതിനുള്ള നോട്ടീസ് കൊടുത്തിട്ടുണ്ടെന്നു പറഞ്ഞതും ശരിയാണ്. ഇവരെയെല്ലാംതന്നെ എംപ്ലായ്മെന്റ് എക്സ്ചേഞ്ചു മുഖേന താല്ക്കാലികമായി നിയമിച്ചിട്ടുള്ളതാണ്. അതുകൊണ്ട് മറ്റു അവകാശവാദങ്ങളും നിയമപ്രകാരം ഉന്നയിക്കാൻ അവകാശമില്ല. അവർക്കെല്ലാം പേരെ ജോലിക്കിട്ടാനുള്ള സൗകര്യം ഉണ്ടായിരുന്നിട്ടും നിർബന്ധപൂർവ്വം അതിനുപോകാൻ സമ്മതിച്ചിട്ടില്ലെന്നു പറഞ്ഞതിൽ വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല. കാരണം എംപ്ലായ്മെന്റ് എക്സ്ചേഞ്ചു മുഖേനയാണ് ഇതിലേയ്ക്കുള്ള നിയമനം നടത്തിയിട്ടുള്ളതെന്നതുകൊണ്ട് ഇതു താൽക്കാലികമാണെന്നു എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് മറ്റു ജോലി കിട്ടിപോയവരുമുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആദ്യമായിട്ട് മെയിൻറനൻസ് സ്റ്റേജിലേക്കു കടന്നതും പൂർത്തിയാക്കിയതും നമ്മുടെ സ്റ്റേറാണെന്നുള്ളതും എല്ലാവരും സമ്മതിക്കുന്നുണ്ട്. കാര്യമായിട്ട് അവരുടെ ജോലി നിർവഹിച്ച ഒരു വിഭാഗം എന്നുള്ള നിലയിൽ അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുമെങ്കിൽ അവർക്ക് മറ്റു തുറകളിൽ ജോലി ഉണ്ടാക്കികൊടുക്കാമോയെന്നുള്ളതിനെപ്പറ്റിയും ആലോചിക്കുന്നുണ്ട്. അതനുസരിച്ചുള്ള നടപടികളും ഗവണ്മെന്റിൽ നിന്നും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇനി ഭാവിയിൽ ഹെൽത്തു് സർവ്വീസു് ടെയിനിംഗ് സ്കീമിനു് വേണ്ടി ആളുകളെ എടുക്കുമ്പോൾ ഇതിൽ എഡ്യൂക്കേഷണൽ ക്വാളിഫിക്കേഷൻ ഉള്ളവർക്ക് മുൻഗണന കൊടുക്കുന്നതിനും ഏജ്ബാറിൽനിന്നു് എക്സംപ്ഷൻ കൊടുക്കുന്നതിനെപ്പറ്റിയും ആലോചനകളും നടത്തുകയുണ്ടായി. അതനുസരിച്ച് പബ്ലിക്കു് സർവ്വീസ് കമ്മീഷനുമായിട്ട് എഴുത്തുകുത്തുകളും നടത്തുകയുണ്ടായി. അതിന്റെ ഫലമായി ചില തിരഞ്ഞെടുപ്പുകളിൽ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ ഇവർക്ക് വേണ്ടി എൺപതു ശതമാനം റിസർവു ചെയ്യുന്നതിനു് സമ്മതിച്ചിട്ടുണ്ട്. മുഴുവനും ഇവർക്കായിട്ട അവയിലബിയം ചെയ്യണമെന്നു പറയുന്നതു് സാങ്കേതികമായിട്ട് ബുദ്ധിമുട്ടുള്ള കാര്യമാണ്. എൺപതു് ശതമാനം ഇവർക്കു വേണ്ടി റിസർവു ചെയ്യണമെന്നും ബാക്കി 20 ശതമാനം മറ്റുള്ളവർക്കു വേണ്ടി റിസർവു ചെയ്യണമെന്നും ആണ് ഗവണ്മെന്റിൽ നിന്നും വച്ചിട്ടുള്ള നിർദ്ദേശം. പ്രൈമറി ഹെൽത്തു് സിസിറേഴ്സിന്റെ കാര്യത്തിൽ ഇതുപോലെ എൺപതു ശതമാനം സീറും അവർക്കുവേണ്ടി റിസർവു ചെയ്യാമെന്നു് സമ്മതിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവണ്മെന്റിന്റെ മേൽപ്പറഞ്ഞ പ്രസ് ഹെൽത്തു് സർവ്വീസ് സ്കീം അനുസരിച്ച് പതിനായിരത്തോളം ഹെൽത്തു് വർക്കേഴ്സിനെ നിയമിക്കാനുള്ള സാദ്ധ്യതയുണ്ട്. അങ്ങനെ വരികയാണെങ്കിൽ വളരെയേറെ ആളുകളെ പുതിയതായിട്ട നിയമിക്കേണ്ടിവരും. അങ്ങനെ പുതിയതായിട്ട ആളുകളെ നിയമിക്കേണ്ടിവരുമ്പോൾ ഇപ്പോൾ ഇവിടെ നിന്നും പിരിച്ചുവിടുന്നവർക്ക് മുൻഗണന കൊടുക്കാവുന്നതാണ്. ഇവർക്ക് അതിനാവശ്യമായ പരിശീലനത്തിനുവേണ്ടി ഒരു കണ്ടൻസ്ഡ് കോഴ്സ് താൽക്കാലികമായി ഏർപ്പെടുത്തി അവർക്ക ജോലികൊടുക്കുകയും പിന്നീട് പരിശീലനം പൂർത്തിയാക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നും ഈ ഗവണ്മെന്റ് ഇൻഡ്യാ ഗവണ്മെന്റിനോട ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഗവണ്മെന്റു പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇതുതന്നെ സെൻട്രൽ അസിസ്റ്റൻസ് സ്കീമായതുകൊണ്ട് എന്നാരംഭിക്കുമെന്നു പറയാൻ സാധിക്കുകയില്ല. മറ്റു സ്റ്റേറുകളൊന്നും സർവെയ്ലൻസ് വർക്ക് പൂർത്തിയാക്കിയിട്ടില്ലാത്തതുകൊണ്ടും, ഈ സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അതു പൂർത്തിയാക്കിയിട്ടുള്ളതുകൊണ്ടും ഈ സ്റ്റോറിനു മുൻഗണന കൊടുക്കണമെന്നു ഇവിടെ നിന്നും ഇൻഡ്യാ ഗവണ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു. അതനുസരിച്ചു കേന്ദ്രഗവണ്മെൻറിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഇവിടെ വരികയും പ്രായോഗികമായ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ടു. ഇതിനെപ്പറ്റി കാലതാമസം കൂടാതെ ഒരു തീരുമാനം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. അതേപോലെതന്നെ ഫാമിലിപ്ലാനിംഗ് സെൻറിലേയ്ക്കും സ്റ്റാഫുപോലെ ഇന്റഡിക്ഷൻ സെൻറിലേയ്ക്കും കുറേ ലേഡി ഡോക്ടർമാരെ ലഭിക്കുമോയെന്നുള്ള കാര്യം പരിശോധിക്കുന്നതാണു. പരമാവധി ഇവർക്കു എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം സാദ്ധ്യമായ പ്രോത്സാഹനം ചെയ്തുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിക്കാൻ തയാറാണു. പിന്നെ വേറൊരു കാര്യം പറഞ്ഞതു മലേറിയ സ്പ്രൈസേഴ്സിനെപ്പറ്റിയാണു, അവരെയെല്ലാം തന്നെ പി. എസ്. സി. യിൽ നിന്നും നിയമിച്ചിട്ടുള്ളതാണു. അവരാകെ 360 പേരുണ്ടു. അതിനകത്തു ഒരു യൂണിറ്റു മാത്രമേ തുടർന്നു കൊണ്ടുപോകുന്നതിനു ഉദ്ദേശിക്കുന്നുള്ളൂ. അതിനു ഒൻപതുപേർ മാത്രം മതിയാകും. ബാക്കിയുള്ളവരുടെ പ്രവർത്തനം ആവശ്യമില്ല. ചിലപ്പോൾ ഫാമിലി പ്ലാനിംഗിനു കൂടുതലായിട്ടു ചില പോസ്റ്റുകൾ ആവശ്യപ്പെട്ടിട്ടുണ്ടു. അങ്ങനെയുള്ള പോസ്റ്റുകളിൽ ഇവർക്കു മുൻഗണന കൊടുക്കാമോയെന്നു പരിശോധിക്കുന്നതാണു. ഈ മാർച്ചു അവസാനത്തോടുകൂടി പിരിഞ്ഞു പോകേണ്ടിവരുമെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടു പരമാവധി ചെയ്യാവുന്ന സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നു വിചാരിച്ചു ആവശ്യമായനടപടികൾ ഗവണ്മെൻറിൽ നിന്നും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു. അതനുസരിച്ചുള്ള നടപടികൾ ഗവണ്മെൻറു ഭാഗത്തു നിന്നും ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെമ്പർ പ്രതീക്ഷിക്കണം. ഇത്രയും മാത്രമേ ഇതേസംബന്ധിച്ചു എനിക്കു പറയുവാനുള്ളൂ.

Mr. Speaker: Order, order. We pass on to Financial Business.

FINANCIAL BUSINESS:

Voting on Demands for grants in the Budget for 1964-1965

Demand IX-Heads of states, Ministers and Headquarters Staff and Demand X-District Administration and Miscellaneous

Mr. Speaker: Demand No. IX. Heads of States, Ministers and Headquarters Staff and X District Administration and Miscellaneous, may now be moved.

Chief Minister (**Shri R. Sankar**): Sir, I move that Government be granted a sum of Rs.68,77,300 under Demand IX-Heads of States, Ministers and Headquarters Staff.

Minister for Transport and Labour (**Shri K. T. Achuthan**): Sir, I second it.

Minister for Law and Revenue (**Shri T. A. Thomman**): Sir I move that Government be granted a sum of Rs. 89,50,500 under Demand X-District Administration and Miscellaneous.

Minister for Public Health (**Shri M. P. Govindan Nair**): Sir, I second it.

Mr. Speaker: Cut motions Nos 2, 7 and 9 to Demand No.IX and No.5 to Demand No.X, may be moved.

LIBRARY ARCHIVES Kerala Legislative Assembly